2. തൃശ്ശൂർ–ഷോർണ്ണൂർ
3. തൃശ്ശൂർ–കുന്നംകുളം
4. കോട്ടയം–തേവിക്കുളം
5. കോട്ടയം–തേക്കടി
6. എറണാകുളം–തേവിക്കുളം

(ബി) ട്രാൻസ്പോർട്ട് ടോക്കൺ ഒരു നയമായി ഗവണ്മെൻറ് വളരെ മുമ്പുതന്നെ സ്വീകരിച്ചിട്ടുള്ളതാണ്.

(സി., ഡി.) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ചെമ്മീൻവാറുസമ്പ്രദായം.

* 646. [48] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളിൽ നിന്നും ചെമ്മീൻ വാറുന്നതിന് (പെട്രോമാക്സ് ലൈറ്റുപയോഗിച്ച് ചെമ്മീൻ പിടിക്കുക) പ്രത്യേകം അനുവാദം വാങ്ങണമോ ; വേണമെങ്കിൽ കായംകുളം കായലിൽ ആഴ് ഏക്കറിൽ കൂടുതൽ കുത്തകപ്പാട്ടത്തിനു് എടുത്തു് കൈവശം വച്ചിരിക്കുന്ന കെ. ഭാസ്കരൻ, ഇ. ഭാസ്കരൻ, എക്സ് എം. എൽ. എ. എന്നിവർ അനുവാദം വാങ്ങിയിട്ടുണ്ടോ ;

(ബി) ചെമ്മീൻ വാറു സമ്പ്രദായം മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാണെന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്രത്യേക അനുവാദം വാങ്ങണം. എന്നാൽ നിലങ്ങളിൽ നിന്നും പുറംപോക്കു തോടുകളിൽ നിന്നും മാത്രമേ സാധാരണ ചെമ്മീൻ വാറാറുള്ളൂ. കെ. ഭാസ്കരനും, ഇ. ഭാസ്കരനും കായംകുളം കായലിൽ കുറച്ചുസ്ഥലം പതിച്ചുകൊടുത്തിരിക്കുന്നതു് മത്സ്യം വളർത്താൻ വേണ്ടിയാണ്.

(ബി) ഇല്ല. എന്നാൽ വടക്കൻ താലൂക്കുകളിലുള്ള നിലങ്ങളിൽ വർഷക്കെട്ടുസമ്പ്രദായം അതായതു കൃഷിസമയത്തു് ചെമ്മീൻവാറുന്നതു്, മത്സ്യത്തൊഴിലാളികൾക്കും, കർഷകർക്കും ദോഷകരമാണെന്നുള്ള പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്.

മത്സ്യത്തൊഴിലാളികൾ.

* 647. [54] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും, സാമ്പത്തികവുമായ അവശതകൾ പരിഹരിക്കുന്നതിനു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ക്കൂവാൻ എന്തെല്ലാം സ്കീം ഗവണ്മെൻറ് തയ്യാറാക്കിയിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly